(ഡി) ബി.ഡി.ഒ. തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലമുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(എഫ്) പി.എസ്.സി. ലിസ്റ്റ് നിലവിൽ വരുന്നതുവരെ ഡി.ഇ.ഒ.മാരെ പ്രൊമോട്ടുചെയ്ത് ബി.ഡി,ഒ. തസ്തിക നികത്താൻ നടപടി കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) 22.9.98 മുതലാണ് ഒഴിവുകൾ ഉണ്ടായിട്ടുള്ളത്.

(സി) ഇല്ല.

(ഡി) ഉണ്ട്.

(ഇ)&(എഫ്) മൊത്തം ബി.ഡി.ഒ. തസ്തികയുടെ മൂന്നിലൊന്ന് ഭാഗം മാത്രമേ പ്രൊമോഷൻവഴി നികത്താനാകൂ. മൂന്നിലൊന്ന് ഭാഗം പ്രൊമോഷൻവഴി നികത്തിയിട്ടുണ്ട്. ബാക്കി ഒഴിവുകൾ വി.ഇ.ഒ.മാർക്ക് താൽക്കാലിക പ്രൊമോഷൻ നൽകി നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

(573) വ്യാവസായിക മേഖലയിൽ ഏകജാലക സംവിധാനം

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക മേഖലയിൽ ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നതുമൂലം എന്തൊക്കെ പ്രയോജനങ്ങളാണ് പ്രതീക്ഷിക്കുന്നത് എന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് ആരംഭം കുറിച്ചിട്ടുള്ള വ്യവസായ പാർക്കുകളിൽ ഈ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) ഏതൊക്കെ കേന്ദ്രങ്ങളിൽ വ്യവസായ പാർക്കുകളുടെ നിർമ്മാണം ആരംഭിച്ചുവെന്നും ഏതൊക്കെ സ്ഥലങ്ങളിലെ പാർക്കുകളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(ഡി) വ്യവസായ പാർക്കുകളിൽ ഏതൊക്കെ തരത്തിലുള്ള വ്യവസായങ്ങളാണ് പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഏകജാലക സംവിധാനം വ്യവസായ പുരോഗതിക്ക് വളരെയധികം സഹായം ചെയ്യും. വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിൽനിന്നും ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് അനുഭവപ്പെടുന്ന കാലതാമസം, ഏകജാലക സംവിധാനത്തിലൂടെ എളുപ്പത്തിൽ നൽകുന്നതിനാൽ കൂടുതൽ വ്യവസായികളെ ഈ മേഖലയിലേക്ക് ആകർഷിക്കുവാൻ സാധിക്കും. ഇത് വ്യവസായികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാനും ഇക്കാരണത്താൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്താനും സഹായിക്കും.

(ബി) ഇതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കിൻഫ്ര നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയുന്നു.

കിൻഫ്ര നേരിട്ട് നടപ്പിലാക്കി വരുന്ന പദ്ധതികൾ

(1) കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്ക് തുമ്പ, തിരുവനന്തപുരം.

(2) ഇന്റഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സെന്റർ, തുമ്പ, തിരുവനന്തപുരം.

(3) ഫിലിം വീഡിയോ പാർക്ക് കഴക്കൂട്ടം, തിരുവനന്തപുരം.

(4) എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്ക് കാക്കനാട്, എറണാകുളം.

(5) ഫുഡ പ്രോസസിംഗ് പാർക്ക്, കാക്കഞ്ചേരി, മലപ്പുറം

(6) ഇൻഫർമേഷൻ ടെക്നോളജി പാർക്ക്, കാക്കഞ്ചേരി, മലപ്പുറം.

ചെറുകിട വ്യവസായ പാർക്കുകൾ

(1) ശീതഗോളി, കാസർകോട്

(2) തലശ്ശേരി, കണ്ണൂർജില്ല

(3) മഴുവന്നൂർ, എറണാകുളം.

സംയുക്തമേഖല

(1) റബ്ബർ ബോർഡുമായി ചേർന്ന് എറണാകുളം ജില്ലയിൽ ഐരാപുരത്ത് റബ്ബർ പാർക്ക്.

(2) വെസ്റ്റേൺ ഇന്ത്യയുമായി ചേർന്ന് കഞ്ചിക്കോട് (പാലക്കാട് ജില്ലയിൽ) ഒരു ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് സെന്റർ.

(3) മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറിറ്റിയുമായി ചേർന്ന് മറൈൻ പ്രോഡക്ട്സ് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റി സെന്റർ, അരൂർ, ആലപ്പുഴ.

(4) ഐ.സി.ഐ.സി.ഐ.യുമായി ചേർന്ന് ഐ.കിൻ എന്ന കൺസൾട്ടൻസി സ്ഥാപനം.

അടുത്ത സാമ്പത്തികവർഷം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

1. ചെറുകിട വ്യവസായ പാർക്കുകൾ

(എ) കൊരട്ടി - തൃശ്ശൂർ

(ബി) കുന്നംതാനം - പത്തനംതിട്ട

LIBRARY ARCHIVES Kerala Legislative Assembly

(സി) വയനാട്

2. ഹെർബൽ വില്ലേജ്, ഇടുക്കി

കൂടാതെ ഒരു അസംബ്ലി നിയോജകമണ്ഡലത്തിന് ഒരു വ്യവസായ പാർക്ക് എന്ന സിഡ്കോ വഴി നടപ്പാക്കുന്ന പദ്ധതി പ്രകാരം 38 പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും വിവിധ ഘട്ടങ്ങളിലാണ്.

(ഡി) റെഡിമെയ്ഡ് വ്യവസായം, സോഫ്റ്റ്വെയർ, ഇലക്ട്രോണിക് വ്യവസായങ്ങൾ, റബ്ബർ വ്യവസായങ്ങൾ, കയറ്റുമതി അധിഷ്ഠിത വ്യവസായങ്ങൾ, ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, മറൈൻ പ്രോഡക്ടുകൾ, ചെറുകിട വ്യവസായങ്ങൾ, കയർ വ്യവസായങ്ങൾ, ഹെർബൽ പ്രോഡക്ടുകൾ തുടങ്ങിയ വ്യവസായങ്ങൾക്കാണ് കിൻഫ്രാ പ്രോത്സാഹനം നൽകാൻ ഉദ്ദേശിക്കുന്നത്.

(582) വ്യവസായ രംഗത്ത് സമാധാനാന്തരീക്ഷം നിലനിർത്താൻ നടപടി

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യവസായ സമാധാനം ഇല്ലാത്തതാണ് വ്യവസായ വളർച്ചയ്ക്ക് വിഘാതം സൃഷ്ടിക്കുന്നതെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) അക്രമങ്ങളുടെ പേരിൽ വ്യവസായങ്ങൾ കേരളത്തിൽനിന്നും മാറ്റിക്കൊണ്ടുപോകുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വ്യവസായരംഗത്ത് സമാധാനം നിലനിർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) അക്രമത്തെത്തുടർന്ന് പാലക്കാട്ടുനിന്നും മാറ്റിക്കൊണ്ടുപോകാൻ ശ്രമിക്കുന്ന ഫെറോ അലോയിഡ് കമ്പനി ഇവിടെത്തന്നെ തുടർന്നും പ്രവർത്തിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി)ഇല്ല.

(സി) വ്യവസായരംഗത്ത് സമാധാനം നിലനിർത്താൻ സംസ്ഥാന തൊഴിൽ മേഖലയിൽ തൊഴിൽ തടസ്സങ്ങളുണ്ടായാൽ അവ പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പിൽ വിവിധ തലത്തിലുള്ള അനുരഞ്ജന ഉദ്യോഗസ്ഥരുണ്ട്. തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനായി അവർ അനുരഞ്ജന സമ്മേളനങ്ങൾ വിളിച്ചുകൂട്ടുകയും ചർച്ചയിലൂടെ അവ പരിഹിക്കുവാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്. പരിഹരിക്കപ്പെടാൻ കഴിയാത്ത തർക്കങ്ങൾ തൊഴിൽ കോടതിയുടെ തീർപ്പിനു വിടുകയാണ് ചെയ്യുന്നത്. ഇതിനുപുറമേ സംസ്ഥാന തലത്തിൽ വ്യാവസായികാടിസ്ഥാനത്തിലുണ്ടാകുന്ന തൊഴിൽ തർക്കങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുന്നതിനായി വിവിധ തൊഴിൽ മേഖലകളിൽ തൊഴി

LIBRARY ARCHIVES Kerala Legislative Assembly